# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2419 — 01.04.2013 - ൽ മറുപടിക്ക്

## ഉപ്പുവെള്ള ശുദ്ധീകരണ പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾക്ക് പകരം സംവിധാനങ്ങൾ കണ്ടെത്താൻ പദ്ധതി ആവിഷ്ക്കരിക്കുമോ; | (എ) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽകിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കടലിലെയും കായലിലെയും വെള്ളം ശുദ്ധീകരിച്ചുപയോഗിക്കാനുള്ള പദ്ധതികൾ സംസ്ഥാനത്തു നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നറിയിക്കുമോ;<br>(സി) ഇല്ലെങ്കിൽ ഉപ്പുവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കാനുള്ള സംവിധാനങ്ങളോടുകൂടിയ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) & (സി) കുടിവെള്ളത്തിന് മറ്റ് സ്രോതസ്സുകൾ ഇല്ലാത്ത സ്ഥലങ്ങളിലും, ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലും മണിക്കൂറിൽ 2000 ലിറ്റർ മുതൽ 10000 ലിറ്റർ വരെ ശുദ്ധീകരണ ശേഷിയുള്ള റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ 19 പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. (ഇവ അനുബന്ധമായി ഉൾക്കൊളളിച്ചിരിക്കുന്നു.) ഇത് കൂടാതെ കുമ്പളങ്ങി പഞ്ചായത്തിലേയ്ക്ക് കടൽ ജലം ശുദ്ധീകരിച്ച് ശുദ്ധജലം നൽകുന്നതിലേയ്ക്കുള്ള ഒരു പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | Location | Proposed Capacity (lph) |
|---|---|---|
| **1. Thiruvananthapuram** | | |
| a | Vettukad | 2000 Each |
| b | Vali | 5000 Each |
| c | Pozhiyoor Pozhikkara | |
| d | Poovar | 2500 Each |
| e | Muthalapozhi Harbour Site | |
| f | Anchuthengu - Existing O.H.Tank Site behind Govt. Health Centre | |
| | Muthalapozhi Harbour | 5000 |
| g | Puthiyathurai | |
| **2. Kollam** | | |
| a | Sakthikulangara Thuruth | 5000 Each |
| b | Thangassery | |
| c | Thevally | |
| d | Mangad | |
| **3. Kuttanad** | | |
| a | Kainakkary | 10000 |
| b | Nelpuranada near Nedumudi village office | 10000 |
| **4. Thrissur** | | |
| a | Poyya | 2000 |
| **5. Kasaragod** | | |
| a | Thalangara - near New Municipal Childrens park | 2500 Each |
| b | Bangod Anganawadi | |
| c | Nellikunnu Kadappuram - North | |
| d | Nellikunnu Kadappuram - South | |
| e | Moideen Palli Pallam Road Anganawadi | |

സെക്ഷൻ ഓഫീസർ